"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സോമൻ.കെ.എൻ- ന് ആകാശവാണി കോഴിക്കോട് നിലയത്തിൽ കാഷ്വൽ അനൗൺസർ ആയി പ്രവർത്തിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.2465/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/11/2019

---

പരാമർശം:- 1 സ.ഉ(അ)നം.33/2002/ഉഭപവ, തീയതി 03/07/2002

2 ശ്രീ.സോമൻ.കെ.എൻ - ന്റെ 26.06.2019 ലെ അപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 01.09.2019 ലെ ഇ4-9942/19നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സോമൻ.കെ.എൻ-ന് ആകാശവാണി കോഴിക്കോട് നിലയത്തിൽ കാഷ്വൽ അനൗൺസർ ആയി പ്രവർത്തിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് ദൂരദർശനിലും ആകാശവാണിയിലും അനൗൺസിംഗ് നടത്തുന്നതിനും, വാർത്തകൾ വായിക്കുന്നതിനും സ്വകാര്യ ഏജൻസികളാൽ സ്പോൺസർ ചെയ്യപ്പെടാത്ത ദൂരദർശൻ, ആകാശവാണി പരിപാടികളിൽ പങ്കെടുക്കുന്നതിനും ആയതിന് പ്രതിഫലം പറ്റുന്നതിനും വ്യവസ്ഥയുണ്ട്. 1960ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം കലാ, സാഹിത്യ, സാംസ്കാരിക, ശാസ്ത്ര രംഗങ്ങളിൽ പ്രതിഫലം കൈപറ്റാതെയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് സോപാധിക അനുമതി ഉണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്നപക്ഷം അത്തരം പ്രവർത്തനങ്ങളിൽ തുടരാതിരിക്കേണ്ടതുമാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ

കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.സോമൻ.കെ.എൻ-ന് ആകാശവാണി കോഴിക്കോട് നിലയത്തിൽ കാഷ്വൽ അനൗൺസർ ആയി പ്രവർത്തിക്കുന്നതിന് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിൽ സർക്കാരിനെതിരെയുള്ള പരാമർശങ്ങളൊന്നും പ്രസ്തുത പരിപാടിയിൽ പുറപ്പെടുവിയ്ക്കാതെയും പ്രവർത്തിയ്ക്കുന്നതാണെന്ന വ്യവസ്ഥയിൽ ചട്ടം 48 ന് വിധേയമായും പരാമർശം(1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.സോമൻ.കെ.എൻ, സീനിയർ ക്ലാർക്ക്, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(193/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ